# <u>അറിയിപ്പ്</u>

2020-21 സാമ്പത്തിക വർഷത്തിലെ സംസ്ഥാന സർക്കാരിന്റെ **"വനിതകളുടെ സംവിധാനത്തിലുള്ള സിനിമ"** പദ്ധതി പ്രകാരം ചലച്ചിത്ര നിർമ്മാണത്തിനായി ഒന്നാം സ്ഥാനം ലഭിച്ച് തെരഞ്ഞെടുക്കപ്പെട്ട തിരക്കഥയുടെ വിവരം 01.12.2021ന് ബഹുമാനപ്പെട്ട സാംസ്കാരികകാര്യ വകുപ്പു മന്ത്രി ശ്രീ. സജി ചെറിയാൻ അവർകൾ പത്രസമ്മേളനം നടത്തി അറിയിച്ചിരുന്നു. സുപ്രസിദ്ധ തിരക്കഥാകൃത്ത് ശ്രീ. ജോൺപോൾ ചെയർമാനായ 5 അംഗജൂറി രണ്ടാം സ്ഥാനത്തേക്ക് രണ്ടു തിരക്കഥകൾക്ക് തുല്യ പിന്തുണ നൽകിയതിനാൽ ചലച്ചിത്ര മേഖലയിലെ കൂടുതൽ വിദഗ്ധരുടെ കൂടി അഭിപ്രായം ആരാഞ്ഞ് രണ്ടാം സ്ഥാനത്തിന്റെ വിധി നിർണ്ണയം നടത്തുന്നതായിരുക്കുമെന്നും അദ്ദേഹം അറിയിച്ചിരുന്നു. ഇതു പ്രകാരം തിരക്കഥാകൃത്തും ചലച്ചിത്ര അദ്ധ്യാപികയുമായ കേത്കി പണ്ഡിറ്റ്, ചലച്ചിത്ര സംവിധായകനും കെ.എസ്.എഫ്.ഡി.സി ഡയറക്ടർ ബോർഡ് അംഗവുമായ ശ്രീ.മനോജ്കാന, സാഹിത്യകാരനും തിരക്കഥാകൃത്തുമായ ശ്രീ. വിനു എബ്രഹാം എന്നിവരടങ്ങിയ ജൂറിയെ രണ്ടാംസ്ഥാനം നിർണ്ണയിക്കുവാനായി ചുമതലപ്പെടുത്തി. തിരക്കഥകൾ വിശദമായി വിലയിരുത്തിയ ശേഷം ശ്രീമതി. **ഇന്ദുവി.ആർ** രചിച്ച **"ഇൻഹെറിറ്റൻസ്"** എന്ന തിരക്കഥയ്ക്ക് രണ്ടാം സ്ഥാനം നൽകണമെന്ന് പ്രസ്തുത ജൂറി നിർദ്ദേശിച്ചു. ഇൻഹെറിറ്റൻസിന് ശരാശരി മാർക്കായി **76** ലഭിച്ചപ്പോൾ ഇതോടൊപ്പം രണ്ടാം സ്ഥാനത്തിനായി മത്സരിച്ച് **ശ്രീമതി. ശ്രീദേവി. പി** രചിച്ച **"പുത്തൻകച്ചേരി പോസ്റ്റ്"** എന്ന തിരക്കഥയ്ക്ക് ശരാശരി മാർക്കായി **62** ആണ് ലഭിച്ചത്. ആയതിനാൽ **ശ്രീമതി. ഇന്ദു വി.ആർ** രചിച്ച **"ഇൻഹെറിറ്റൻസ്"** എന്ന തിരക്കഥയ്ക്ക് രണ്ടാം സ്ഥാനം ലഭിച്ചതായി അറിയിക്കുന്നു.